എം.പി.(3)29659/2017 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി: 05.08.2017

# സർക്കുലർ നം.39

വിഷയം: സഹകരണ വകുപ്പ് – അക്ഷയ ഊർജ്ജ സംവിധാനങ്ങൾക്കുള്ള വായ്പകൾ നൽകുന്നത് സംബന്ധിച്ച്

സൂചന: 1) 30.4.2017 ലെ സ.ഉ.(എം.എസ്.) നമ്പർ 80/2017/തസ്വഭവ.
2) അനർട്ട് ഡയറക്ടറുടെ 13.6.2017 ലെ 4995/PACS/ANERT/2017 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്
3) 30.6.2017 ലെ ജി.ഒ (ആർ.റ്റി) നം. 248/2017 പവർ

കേരള സർക്കാരിന്റെ 13–ാം പഞ്ചവത്സര പദ്ധതിയിലെ (2017–2022) ആദ്യ വാർഷിക പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയം ഭരണ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന പദ്ധതികളുടെ സബ്സിഡികൾ സംബന്ധിച്ച മാർഗ്ഗരേഖ സൂചന (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി മാർഗ്ഗരേഖയുടെ 8–ാം ഖണ്ഡികയുടെ 9–ാം ഇനത്തിൽ അനർട്ടിന്റെ മേൽനോട്ടത്തിൽ സ്ഥാപിക്കുന്ന, അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്കും, സൗരവൈദ്യുതി നിലയങ്ങൾക്കും നൽകുന്ന സബ്സിഡി സംബന്ധിച്ചും ടി പദ്ധതിയുടെ നടപ്പാക്കൽ സംബന്ധിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സൂചന (3) ലെ സർക്കാർ ഉത്തരവ് പ്രകാരം അക്ഷയ ഊർജ്ജ സംവിധാനങ്ങൾക്കുള്ള വായ്പകൾ നൽകുന്ന സഹകരണ സ്ഥാപനങ്ങൾക്ക് വായ്പാ തുകയുടെ 4% ഇൻസന്റീവ് (ഒറ്റത്തവണ സഹായം) അനർട്ട് മുഖേന ലഭ്യമാക്കി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ നിർദ്ദേശങ്ങൾ പ്രാഥമിക സഹകരണ സംഘങ്ങൾക്കു നൽകണമെന്ന് സൂചന (2) പ്രകാരം അനർട്ട് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളും, വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അക്ഷയ ഊർജ്ജ പദ്ധതികൾക്കാവശ്യമുള്ള വായ്പകൾ വിതരണം നടത്തേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. ഇതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തെ എല്ലാ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിലൂടെയും അതാത് വ്യാപനാതിർത്തി പ്രദേശത്ത് പദ്ധതി നടപ്പാക്കാവുന്നതാണ്.
2. ഇത്തരം വായ്പകളിലെ സംസ്ഥാന സർക്കാർ/കേന്ദ്ര സർക്കാർ സബ്സിഡികൾ ഉപഭോക്താവിന്/ വായ്പാക്കാരന് ലഭ്യമാക്കുന്ന ചുമതല അനർട്ട് നിർവ്വഹിക്കുന്നതാണ്.
3. അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളെ പട്ടികപ്പെടുത്തി ഉപകരണങ്ങളുടെ സാങ്കേതിക ഗുണനിലവാരം ഉറപ്പുവരുത്തി സ്പെസിഫിക്കേഷൻ നിശ്ചയിച്ച് സ്ഥാപനങ്ങളെ എംപാനൽ ചെയ്യുന്ന ചുമതല അനെർട്ടിനായിരിക്കുന്നതാണ്. ഇത്തരത്തിൽ എംപാനൽ ചെയ്യുന്ന സ്ഥാപനങ്ങൾ/കമ്പനികൾ മുഖേന സ്ഥാപിക്കുന്ന അക്ഷയ ഊർജ്ജ സംവിധാനങ്ങൾക്കു മാത്രമേ വായ്പ ലഭ്യമാകുകയുള്ളൂ.

    എ) അക്ഷയ ഊർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച സാങ്കേതിക സഹായവും ഗുണനിലവാര പരിശോധനയും അനെർട്ടിന്റെ ചുമതലയിൽ നടത്തുന്നതാണ്.

    ബി) അക്ഷയ ഊർജ്ജ സംവിധാനത്തിന്റെ വാറന്റി, കേടു പാടുകൾ തീർക്കൽ, അറ്റകുറ്റപ്പണികൾ നടത്തൽ എന്നിവ ഗുണഭോക്താവും ഉപകരണം സ്ഥാപിക്കുന്ന കമ്പനിയും തമ്മിലുള്ള ഉഭയകക്ഷി കരാർ മുഖേന ഉറപ്പാക്കേണ്ടതാണ്.

    സി) പദ്ധതി നടപ്പിലാക്കുവാൻ ആഗ്രഹിക്കുന്ന സഹകരണ സ്ഥാപനങ്ങൾ അനെർട്ട് വികസിപ്പിച്ചിട്ടുള്ള ആൻഡ്രോയ്ഡ് മൊബൈൽ ആപ്ലിക്കേഷൻ ആയ 'സൗരവീഥി'(SOURAVEEDHI) മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്. ഈ ആപ്ലിക്കേഷൻ ഗൂഗിൾ പ്ലേസ്റ്റോറിൽ ലഭ്യമാണ്.

    ഡി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത പദ്ധതിയിൽ പങ്കാളികളാകുന്ന സഹകരണ സ്ഥാപനങ്ങളുടെ പേരുവിവരം അനെർട്ട് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതും ഇതുവഴി അക്ഷയ ഊർജ്ജ സംവിധാനം സ്ഥാപിക്കാൻ ഏർപ്പെടുത്തുന്ന വായ്പയെപറ്റി ഗുണഭോക്താക്കൾക്കും എംപാനൽഡ് ഏജൻസികൾക്കും വിവരം ലഭ്യമാകുന്നതാണ്.

4. സഹകരണ സ്ഥാപനങ്ങൾ വഴിയുള്ള അക്ഷയ ഊർജ്ജ പദ്ധതി വായ്പകൾ സംബന്ധിച്ച ലീഫ്ലെറ്റുകൾ, നോട്ടീസ്, എന്നിവ തയ്യാറാക്കി ബന്ധപ്പെട്ട എല്ലാ പ്രാഥമിക സഹകരണ സ്ഥാപനങ്ങൾക്കു നൽകുന്നതും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയുള്ള വിപുലമായ പരസ്യ പ്രചാരണങ്ങളും അനർട്ട് നിർവ്വഹിക്കുന്നതാണ്. കൂടാതെ സഹകരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് അംഗങ്ങൾക്കായി ബോധവത്ക്കരണ പരിപാടികളും അനർട്ട് സംഘടിപ്പിക്കുന്നതാണ്.
5. സഹകരണസംഘം തങ്ങൾക്ക് ലഭിക്കുന്ന വായ്പാ അപേക്ഷയുടെ വിവരങ്ങൾ അനർട്ടിന് നൽകേണ്ടതും അനർട്ടിന്റെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ ക്രമപ്രകാരം പൂർത്തിയാക്കി പരമാവധി വേഗത്തിൽ വായ്പ ലഭ്യമാക്കേണ്ടതാണ്.
6. ഇത്തരം അക്ഷയ ഊർജപദ്ധതികൾക്കായുള്ള വായ്പാകാലാവധി 36 മാസത്തിൽ അധികമാകാൻ പാടില്ല. ഇത്തരം വായ്പകൾക്കുള്ള ഈട് പ്രാഥമികസഹകരണ സംഘങ്ങളുടെ നിലവിലെ കാർഷി കേതര വായ്പാ വ്യവസ്ഥകൾ പ്രകാരമായിരിക്കേണ്ടതും പലിശനിരക്ക് താഴെ പറയും പ്രകാരമായിരിക്കേണ്ടതുമാണ്.

   3 ലക്ഷം രൂപ വരെ – 9 %

   3 ലക്ഷം രൂപയ്ക്ക് മുകളിൽ 5 ലക്ഷം രൂപ വരെ – 9.5 %

   5 ലക്ഷം രൂപയ്ക്ക് മുകളിൽ –10 %

   ഖണ്ഡിക 9 പ്രകാരം അനർട്ടിന്റെ ഇൻസെന്റീവ് ലഭിക്കാത്ത അക്ഷയ ഊർജ്ജ വായ്പകളുടെ പലിശ മുകളിൽ പറഞ്ഞതിനെക്കാൾ 2% അധികമായിരിക്കും
7. അക്ഷയ ഊർജ്ജ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് സബ്സിഡി ലഭ്യമാകുകയാണെങ്കിൽ അതുകഴിഞ്ഞിട്ടുള്ള തുകയാണ് ഗുണഭോക്താവിന് വായ്പയായി അനുവദിക്കുന്നത്. സബ്സിഡി തുക ലഭ്യമാകുന്ന മുറയ്ക്ക് അനെർട്ട്, കമ്പനിക്ക് അനുവദിച്ച് നൽകുന്നതാണ്.
8. അനർട്ട് ശുപാർശ ചെയ്യുന്ന അപേക്ഷകർക്ക് സബ്സിഡി ഇല്ലാതെയും അക്ഷയ ഊർജ്ജ വായ്പകൾ നൽകാവുന്നതാണ്.
9. അക്ഷയ ഊർജ്ജ പദ്ധതികൾക്കുള്ള വായ്പകൾ നൽകുന്ന സഹകരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റ്-വിഹിതത്തിന് വിധേയമായി വായ്പാ തുകയുടെ 4% തുക ഇൻസെന്റീവ് ആയി അനർട്ട് ലഭ്യമാക്കുന്നതാണ്.

10. മുകളിൽ ഖണ്ഡിക 3 (സി) പ്രകാരം അക്ഷയ ഊർജ വായ്പാ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന സഹകരണ സ്ഥാപനം ഒരു ഉദ്യോഗസ്ഥനെ ടി പദ്ധതിയുടെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തേണ്ടതാണ്.
11. സഹകരണ സ്ഥാപനങ്ങൾ മുഖേനയുള്ള അക്ഷയ ഊർജ്ജ പദ്ധതി വായ്പയുടെ ജില്ലാതല ഉത്ഘാടനം വിപുലമായ പരസ്യപ്രചാരത്തോടെ സംഘടിപ്പിക്കേണ്ടതാണ്.
12. ജില്ലയിലെ അക്ഷയ ഊർജ്ജ വായ്പകളുടെ മേൽനോട്ടം, പുരോഗതി വിലയിരുത്തൽ എന്നിവ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) നിർവ്വഹിക്കേണ്ടതാണ്. ഓരോ ജില്ലയിലും ഓരോ മാസവും വിതരണം ചെയ്യുന്ന വായ്പകളുടെ എണ്ണം തുക എന്നിവ അതാത് മാസത്തെ പുരോഗതി റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.
13. അനർട്ട് മുഖാന്തിരം നടപ്പാക്കുന്ന വിവിധ അക്ഷയ ഊർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനർട്ടിന്റെ ജില്ലാ ആഫീസുകളിലും, www.anert.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

(ഒപ്പ്)
എസ്.ലളിതാംബിക ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ് –
1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. ഡയറക്ടർ അനർട്ട്, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം
3. സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്
4. സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്

(1–4: ഉപരിപത്രം സഹിതം)

5. ഡയറക്ടർ, സഹകരണ ആഡിറ്റ്
6. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
7. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
9. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും (ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മുഖേന)
10. എല്ലാ പ്രാഥമിക സർവ്വീസ് സഹകരണ ബാങ്ക് / സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ)മുഖേന)
11. വെബ്സൈറ്റ്
12. പ്രസിദ്ധീകരണത്തിന്–സഹകരണ വീഥി

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എം.പി)